**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4634** **13-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്ന പൊതുസേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്ന പൊതുസേവനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | **പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കിടയിൽ സർക്കാർ നടത്തുന്ന വിവിധ ക്ഷേമ-വികസന പ്രവർത്തനങ്ങൾ അവരുടെ സാമൂഹിക സാമ്പത്തിക മേഖലകളിലുളവാക്കുന്ന മാറ്റങ്ങൾ കൃത്യമായി പരിശോധിക്കപ്പെടുന്നുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്ന പൊതുസേവനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പിന് വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളുണ്ട്. അക്കൗണ്ടന്റ് ജനറൽ, ധനകാര്യ വകുപ്പ്, ആഭ്യന്തര പരിശോധന സംവിധാനം എന്നിവയുടെ വിവിധതലത്തിലുള്ള പരിശോധനകൾ മുഖേന സേവനങ്ങളുടെ ഫലപ്രാപ്തി പരിശോധിക്കുന്നുണ്ട്.**<br><br>**ഓരോ സങ്കേതങ്ങളിലുള്ള ഊരുകൂട്ടങ്ങൾ അതത് പ്രദേശത്തെ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നിർവഹണത്തിലും മേൽനോട്ടത്തിലും ഇടപെടലുകൾ നടത്തുന്ന രീതിയിൽ ശാക്തീകരിക്കപ്പെട്ടിട്ടുണ്ട്.**<br><br>**ഇവ കൂടാതെ നിയോജകമണ്ഡലത്തിൽ എം.എൽ.എ.മാരുടെ അധ്യക്ഷതയിലുള്ള സമിതികൾ, പട്ടികജാതി-പട്ടികവർഗ ജില്ലാതല മോണിറ്ററിംഗ് സമിതി എന്നിവയും പദ്ധതികൾ പരിശോധിക്കുന്നുണ്ട്.**<br><br>**പദ്ധതികളുടെ ധനവ്യയം സംബന്ധിച്ച് പ്ലാൻ സ്പേസ് സംവിധാനം വഴി സംസ്ഥാനതലം വരെ അവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്. ഇതുകൂടാതെ ഓരോ ജില്ലകളിലും വികസന പ്രവർത്തനങ്ങൾ വിലയിരുത്താൻ ഡയറക്ടറേറ്റിലെ നിയന്ത്രണ ഉദ്യോഗസ്ഥർക്ക് ഓരോ ജില്ലയുടെയും ചുമതല നൽകി ആയത് അവലോകനം ചെയ്തുവരുന്നുണ്ട്.** |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വനം വന്യജീവി വകുപ്പിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ അർഹരായവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി വിവിധ തലങ്ങളിൽ നടക്കുന്ന ഉദ്യോഗസ്ഥതല അവലോകന യോഗങ്ങളിൽ വകുപ്പ് വിലയിരുത്തൽ നടത്താറുണ്ട്. കൂടാതെ വന സംരക്ഷണ സമിതികളുടെയും ഇക്കോ-ഡവലപ്മെന്റ് കമ്മിറ്റികളുടെയും പദ്ധതി പ്രവർത്തനങ്ങൾ VSS/EDC എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗുകളിൽ അവലോകനം ചെയ്യാറുണ്ട്. ഇതോടൊപ്പം ഇക്കാര്യങ്ങൾ FDA തലത്തിലും അന്തിമമായി സംസ്ഥാന വന വികസന ഏജൻസി തലത്തിലും വിലയിരുത്തുന്നു. |
| (ബി) | പ്രസ്തുത വിഭാഗക്കാർക്ക് ലഭിക്കുന്ന പൊതു സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഒരു കർമ്മപദ്ധതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കിടയിൽ സർക്കാർ നടത്തുന്ന വിവിധ ക്ഷേമ-വികസന പ്രവർത്തനങ്ങൾ അവരുടെ സാമൂഹിക സാമ്പത്തിക മേഖലകളിലുളവാക്കുന്ന മാറ്റങ്ങൾ കൃത്യമായി പരിശോധിക്കപ്പെടുന്നുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്ന പൊതുസേവനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പിന് വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളുണ്ട്. അക്കൗണ്ടന്റ് ജനറൽ, ധനകാര്യ വകുപ്പ്, ആഭ്യന്തര പരിശോധന സംവിധാനം എന്നിവയുടെ വിവിധതലത്തിലുള്ള പരിശോധനകൾ മുഖേന സേവനങ്ങളുടെ ഫലപ്രാപ്തി പരിശോധിക്കുന്നുണ്ട്.<br><br>ഓരോ സങ്കേതങ്ങളിലുള്ള ഊരുകൂട്ടങ്ങൾ അതത് പ്രദേശത്തെ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നിർവഹണത്തിലും മേൽനോട്ടത്തിലും ഇടപെടലുകൾ നടത്തുന്ന രീതിയിൽ ശാക്തീകരിക്കപ്പെട്ടിട്ടുണ്ട്.<br><br>ഇവ കൂടാതെ നിയോജകമണ്ഡലത്തിൽ എം.എൽ.എ.മാരുടെ അധ്യക്ഷതയിലുള്ള സമിതികൾ, പട്ടികജാതി-പട്ടികവർഗ ജില്ലാതല മോണിറ്ററിംഗ് സമിതി എന്നിവയും പദ്ധതികൾ പരിശോധിക്കുന്നുണ്ട്.<br><br>പദ്ധതികളുടെ ധനവ്യയം സംബന്ധിച്ച് പ്ലാൻ സ്പേസ് സംവിധാനം വഴി സംസ്ഥാനതലം വരെ അവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്. ഇതുകൂടാതെ ഓരോ ജില്ലകളിലും വികസന പ്രവർത്തനങ്ങൾ വിലയിരുത്താൻ ഡയറക്ടറേറ്റിലെ നിയന്ത്രണ ഉദ്യോഗസ്ഥർക്ക് ഓരോ ജില്ലയുടെയും ചുമതല നൽകി ആയത് അവലോകനം ചെയ്തുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | **പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വനം വന്യജീവി വകുപ്പിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ അർഹരായവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി വിവിധ തലങ്ങളിൽ നടക്കുന്ന ഉദ്യോഗസ്ഥതല അവലോകന യോഗങ്ങളിൽ വകുപ്പ് വിലയിരുത്തൽ നടത്താറുണ്ട്. കൂടാതെ വന സംരക്ഷണ സമിതികളുടെയും ഇക്കോ-ഡവലപ്മെന്റ് കമ്മിറ്റികളുടെയും പദ്ധതി പ്രവർത്തനങ്ങൾ VSS/EDC എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗുകളിൽ അവലോകനം ചെയ്യാറുണ്ട്. ഇതോടൊപ്പം ഇക്കാര്യങ്ങൾ FDA തലത്തിലും അന്തിമമായി സംസ്ഥാന വന വികസന ഏജൻസി തലത്തിലും വിലയിരുത്തുന്നു.** |

സെക്ഷൻ ഓഫീസർ